പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2314

20.06.2012-ൽ മറുപടിയ്ക്ക്

**ക്ഷേത്ര സ്ഥാനീയൻമാർക്കും തെയ്യം കലാകാരൻമാർക്കും നൽകുന്ന സാമ്പത്തിക സഹായപദ്ധതി**

ചോദ്യം

ശ്രീ. സി. കൃഷ്ണൻ

ഉത്തരം

ശ്രീ. വി.എസ്. ശിവകുമാർ,
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പു മന്ത്രി.

| ചോദ്യം | ഉത്തരം |
|---|---|
| (എ) ക്ഷേത്രസ്ഥാനീയന്മാർക്കും, തെയ്യം കലാകാരൻമാർക്കും മലബാർ ദേവസ്വം ബോർഡ് മുഖേനനൽകുന്ന സാമ്പത്തിക സഹായ പദ്ധതി പ്രകാരം എത്ര പേർക്കാണ് സഹായങ്ങൾ ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) ക്ഷേത്ര സ്ഥാനീയന്മാർക്കും, തെയ്യം കലാകാരന്മാർക്കും മലബാർ ദേവസ്വം ബോർഡ് മുഖേന നൽകുന്ന സാമ്പത്തിക സഹായ പദ്ധതി പ്രകാരം (ഉത്തര മലബാറിലെ ക്ഷേത്ര ആചാര സ്ഥാനികർ/കോലധാരികൾ എന്നിവർക്കുള്ള ധനസഹായ പദ്ധതി-2010) 1203 ആചാര സ്ഥാനികർക്കും 278 കോലധാരികൾക്കും ധന സഹായം അനുവദിച്ചിട്ടുണ്ട്. |
| (ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര തുക ഈ ഇനത്തിൽ വിതരണം ചെയ്തു; | (ബി) ഈ സർക്കാർ അധികാരമേറ്റശേഷം 1,02,55,858/- രൂപ വിതരണം ചെയ്തിട്ടുണ്ട്. |
| (സി) ഇപ്പോൾ കുടിശ്ശിക നിലവിലുണ്ടോ; ഉണ്ടെങ്കിൽ എത്ര മാസത്തെ കുടിശ്ശിക നിലവിലുണ്ട്? | (സി) അഞ്ച് മാസത്തെ കുടിശ്ശിക നിലവിലുണ്ട്. 2012-13 വർഷത്തെ ബഡ്ജറ്റിൽ ആചാര സ്ഥാനികരുടെയും കോലധാരികളുടെയും പ്രതിമാസ ധനസഹായ വിതരണത്തിനായി സർക്കാർ ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത തുക മലബാർ ദേവസ്വം ബോർഡ് കമ്മീഷണറുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിച്ചുവരുന്നു. ടി തുക ലഭ്യമാകുന്ന മുറയ്ക്ക് കുടിശ്ശിക തുക വിതരണം ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ